പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.338
27.02.2018 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

**ചോദ്യം**
ശ്രീ. പി കെ ശശി

**മറുപടി**
ഡോ. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് നൽകുവാനുള്ള പെൻഷൻ കുടിശ്ശിക എത്രയായിരുന്നു എന്നും ആയത് ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക 1525.34 കോടി രൂപയായിരുന്നു. പ്രസ്തുത തുക അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിശ്ശിക വിതരണത്തിനു ശേഷം ഈ സർക്കാർ കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ എന്നു വരെയുള്ള പെൻഷൻ നൽകിയെന്ന വിശദാംശം ലഭ്യമക്കുമോ; | കുടിശ്ശിക വിതരണത്തിന് ശേഷം 2017 നവംബർ വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥകളുണ്ടോയെന്നും അപ്രകാരമില്ലെങ്കിൽ ഇത്തരക്കാരുടെ പേരിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്താണെന്നും വ്യക്ഷമാക്കുമോ; | നിലവിലുള്ള വ്യവസ്ഥ പ്രകാരം 06/02/2017 ന് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. 06/02/2017 ന് ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ പുതിയതായി |

| | | |
|---|---|---|
| | | അനുവദിക്കുന്നതല്ല . അനർഹമായി വാങ്ങിയ പെൻഷൻ തുക തിരിച്ചടപ്പിക്കുന്നതും ഇത്തരത്തിൽ അനർഹമായി പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. |
| (ഡി) | ഇത്തരത്തിൽ പെൻഷൻ വാങ്ങുന്നവരായി എത്ര പേരുണ്ടെന്നും അറിവില്ലായ്മ മൂലം വാങ്ങിയവരുണ്ടെങ്കിൽ അവരെ നടപടികളിൽ നിന്നും ഒഴിവാക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ? | നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അനർഹമായി പെൻഷൻ വാങ്ങുന്നവരെ കണ്ടെത്താനായി സർക്കാർ ഒരു സർവ്വേ നടത്തുന്നതാണ്. അനർഹമായി പെൻഷൻ ലഭിച്ച് കൊണ്ടിരിക്കുന്നവർക്ക് സ്വമേധയാ പെൻഷൻ ഉപേക്ഷിക്കുന്നതിന് 2018 മാർച്ച് 31 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. അതിന് ശേഷവും പെൻഷൻ ഉപേക്ഷിക്കാത്തവരിൽ നിന്ന് അനർഹമായി അധികമായി വാങ്ങിയ പെൻഷൻ തുക തിരിച്ച് പിടിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ